**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4029** **03-03-2023 - ൽ മറുപടിയ്ക്ക്**

**വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ആരോഗ്യ വകുപ്പിൽ നിന്നുള്ള ധനസഹായത്തിന്ശ്രീ. റോഷൻ മാത്യൂ കമുകം പാറയിൽ വീട്, ഉഴവൂർ ഈസ്റ്റ് പി.ഒ., മീനച്ചൽ, കോട്ടയം എന്ന വ്യക്തി ആരോഗ്യ വകുപ്പ് മന്ത്രിക്ക് 29/11/21 ന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ശ്രീ.റോഷൻ മാത്യു വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് നൽകുകയും, ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (AB PM-JAY-KASP) കീഴിൽ എൻറോൾ ചെയ്യുന്നതിന് RSBY/CHIS-ന് കീഴിൽ ടിയാന്റെ കുടുംബത്തിന്റെ ഒരു ഡാറ്റയും കണ്ടെത്താത്തതിനാൽ AB PM-JAY-KASP വിഭാഗങ്ങളിൽ വരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിനു താഴെ ആണെങ്കിൽ 'കാരുണ്യ ബെനവലന്റ് ഫണ്ട്' പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകാവുന്നതാണ് എന്നും, ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ആജീവനാന്തം ചികിത്സ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ) കുടുംബത്തിനു മുഴുവനായി ലഭിക്കുന്നതാണെന്നും, പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ വഴി ആയത് നൽകിവരുന്നു എന്നും ഉള്ള വിവരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കത്ത് മുഖേന അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം ശസ്ത്രക്രിയകൾക്ക് ആരോഗ്യ വകുപ്പ് എന്തെല്ലാം സഹായമാണ് രോഗികൾക്ക് നൽകുന്നത് എന്ന് വ്യക്തമാക്കാമോ; ആയതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | (ബി) | ആയുഷ്മാൻ ഭാരത് പ്രധാന മന്ത്രി ജൻ ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി ഗുണഭോക്താക്കൾക്ക് പ്രസ്തുത ശസ്ത്രക്രിയ പദ്ധതിയിൻ കീഴിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള (പ്രസ്തുത ചികിത്സ നൽകുന്ന) ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭ്യമാണ്. പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള (സർക്കാർ ജീവനക്കാരുടെ ആശ്രിതർ/ ആദായനികുതി ദായകർ എന്നിവർ ഒഴികെ) കുട്ടികൾക്ക് ആരോഗ്യകിരണം പദ്ധതി പ്രകാരം പ്രസ്തുത ശസ്ത്രക്രിയാ സേവനം സൗജന്യമായി സർക്കാർ ആശുപത്രകളിൽ നിന്നും ലഭ്യമാണ്. കൂടാതെ വൃക്ക |

| | | | |
|---|---|---|---|
| | | | മാറ്റിവക്കൽ ശസ്ത്രക്രിയ കഴിഞ്ഞുള്ള ഒരു വർഷം വരെയുള്ള മരുന്നുകളും പദ്ധതിയിൽ നൽകി വരുന്നു. |
| (സി) | പ്രസ്തുത അപേക്ഷ പരിഗണിച്ചിട്ടില്ലെങ്കിൽ ശിപാർശ ചെയ്ത എം.എൽ.എ. യ്ക്ക് മറുപടി നൽകിയിട്ടുണ്ടോ; അപേക്ഷകനെ വിവരം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്ന് അപേക്ഷകന് മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ